B2

**<u>കണ്ണൂർ ജില്ലാ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട് 8/11/2021-ന് രാവിലെ 11 മണിക്ക് ബഹു: ജില്ലാ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഗൂഗിൾ മീറ്റിംഗിന്റെ മിനുട്സ്.</u>**

ഹാജർ :

1. ശ്രീ. ചന്ദ്രശേഖർ. എസ്. IAS, ജില്ലാ കളക്ടർ (ചെയർമാൻ )
2. ശ്രീ. ഹരിലാൽ. കെ.എം. (ITS), ജോയിൻറ് ഡയറക്ടർ ഓഫ് ഫോറിൻ ട്രേഡ് (in charge) (കോ-ചെയർമാൻ)
3. ശ്രീ. ഗംഗാധരൻ. ടി.ഒ., ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കണ്ണൂർ (കൺവീനർ)
4. ശ്രീ. സുരേഷ് ബാബു. പി.ബി. അസിസ്റ്റന്റ് ഡയറക്ടർ, MSME-DI, തൃശ്ശൂർ
5. ശ്രീമതി. പി കെ ബേബി റീന, ടെക്നിക്കൽ അസിസ്റ്റന്റ്, പ്രിൻസിപ്പൽ അഗ്രിക്കൽച്ചർ ഓഫീസ്, കണ്ണൂർ
6. ശ്രീ. ഫ്രോണി ജോൺ, ലീഡ് ബാങ്ക് മാനേജർ, കണ്ണൂർ
7. ശ്രീ. ജിഷിമോൻ, ഡി ജി എം, നബാർഡ്
8. ശ്രീമതി. ജുനിദ. ടി.ആർ, സയന്റിസ്റ്റ്, BIS കൊച്ചി.

കണ്ണൂർ ജില്ലാ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റിയുടെ ആദ്യ യോഗം ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ രാവിലെ 11 മണിക്ക് ഓൺലൈൻ ആയി ചേർന്നു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സ്വാഗതം പറഞ്ഞു.

ജില്ലയിലെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനവശ്യമായ പ്രോത്സാഹന നടപടികൾ സംബന്ധിച്ച് ബഹു. ജില്ലാകളക്ടർ ആമുഖമായി സംസാരിച്ചു. കയറ്റുമതി മേഖലയിൽ കണ്ണൂർ ജില്ലയെ മുനിരയിൽ എത്തിക്കേണ്ടതുണ്ട്. ജില്ലയുടെ കയറ്റുമതി ലക്ഷ്യം 2 വർഷം കൊണ്ട് 500 കോടിയിലും 10 വർഷംകൊണ്ട് 1000 കോടിയിലും എത്തിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ കൈക്കൊള്ളണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു. ഇതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. കയറ്റുമതി സാദ്ധ്യതകൾ ഉള്ള യൂനിറ്റുകളെയും, സ്റ്റേക്ക് ഹോൾഡർമാരെയും ഉൾപ്പെടുത്തി ജില്ലയിൽ ഒരു ശില്പശാല സംഘടിപ്പിക്കുവാനും നിർദേശം നൽകി.

ജില്ലയിലെ ഉത്പന്നങ്ങളെ കയറ്റുമതി മേഖലയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ ആവശ്യമായ പ്രോത്സാഹനനടപടികളെ കുറിച്ച് കോ-ചെയർമാനും സംസാരിച്ചു. തുടർന്ന് താഴെ പറയുന്ന നിർദ്ദേശങ്ങളും തീരുമാനങ്ങളും ഉണ്ടായി.

1. കണ്ണൂരിന്റെ പശ്ചാത്തലത്തിൽ കൈത്തറി മേഖലയിലെ കയറ്റുമതിക്ക് വൻ സാധ്യതകളാണ് ഉള്ളത്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും, കാർഷികാധിഷ്ഠിത ഉത്പന്നങ്ങളും പ്രാധാന്യം അർഹിക്കുന്നു. കണ്ണൂർ വിമാന താവളത്തിന്റെയും നിർമാണത്തിലിരിക്കുന്ന അഴീക്കൽ തുറമുഖത്തിന്റെയും സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കയറ്റുമതി വർദ്ധനക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ജില്ലയിലെ കോമൺ ഫെസിലിറ്റി സെന്ററുകൾ, അപ്പാരൽ പാർക്കുകൾ എന്നിവയെ കയറ്റുമതി നിലവാരത്തിലേക്ക് ഉയർത്തുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുവാനും ചെയർ നിർദ്ദേശിച്ചു.

2. ജില്ലയിൽ ഭൗമ സൂചികാ പദവി ലഭിച്ച ഉത്പന്ന മേഖലകളെ ഉൾപെടുത്തികൊണ്ട്, ഈ മേഖലയിലെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശം നൽകി.

3. കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങൾക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർ സ്റ്റാൻഡേർഡ് സർട്ടിഫിക്കറ്റ് (BIS) ലഭിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റി യോഗത്തിൽ ചർച്ച ഉണ്ടായി. നിലവിലുള്ളതും , കയറ്റുമതി മേഖലയിലേക്ക് പുതുതായി കടന്നുവരുന്ന സംരംഭക മേഖലയിൽ ഉള്ളവർക്കും ഇതിനായുള്ള അവബോധം നൽകുന്നതിന് നിർദ്ദേശം നൽകി .

4. വെളിച്ചെണ്ണയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ജില്ലയിൽ ഒരു ക്ലസ്റ്റർ രൂപീകരിക്കുന്ന സാധ്യത പരിശോധിക്കണമെന്ന് ചെയർമാന് നിർദേശിച്ചു.

5. നിലവിലുള്ള വ്യവസായികൾ കയറ്റുമതി മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട് . കയറ്റുമതി മേഖലയിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളും , പ്രതിസന്ധികളും പരിഹരിച്ച് കൂടുതൽ ഉത്പ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുവാനും നിർദ്ദേശം ഉണ്ടായി.

**തീരുമാനങ്ങൾ**

1. ജില്ലയ്ക്ക് ആവശ്യമായ ഒരു കയറ്റുമതി പ്ലാൻ തയ്യാറാക്കുവാൻ തീരുമാനിച്ചു

2. ചെറുകിട വ്യവസായങ്ങളെ കേന്ദ്രീകരിച്ച് വ്യവസായ മേഖലയിൽ കൂടുതൽ കയറ്റുമതി സൃഷ്ടിക്കുന്നതിനും , പ്രത്യേകമായി കൈത്തറി,കാർഷികാധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനവശ്യമായ കർമ്മ പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചു .

2. ജില്ലയിലെ കയറ്റുമതി സാധ്യതകളെക്കുറിച്ച് സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു ശില്പശാല അനുയോജ്യമായ തിയ്യതി സംഘടിപ്പിക്കാൻ തീരുമാനിച്ചു.

ജനറൽ മാനേജർ
ജില്ലാ വ്യവസായ കേന്ദ്രം കണ്ണൂർ

ജില്ലാ കലക്ടർ
കണ്ണൂർ